പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3744 | 20.06.2019 ൽ മറുപടിയ്ക്ക്

## കരുനാഗപ്പള്ളി മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോർ

ചോദ്യം
ശ്രീ.ആർ.രാമചന്ദ്രൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിൽ തഴവ ഗ്രാമപഞ്ചായത്തിലെ കുറ്റിപ്പുറം, കുലശേഖരപുരം പഞ്ചായത്തിലെ വവ്വാക്കാവ് എന്നിവിടങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ തഴവ ഗ്രാമപഞ്ചായത്തിലെ കുറ്റിപ്പുറത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. കുലശേഖരപുരം ഗ്രാമ പഞ്ചായത്തിലെ വവ്വാക്കാവിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടം നൽകുവാൻ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും കെട്ടിടം ഇതുവരെ ലഭ്യമായിട്ടില്ല. |
| (ബി) | കരുനാഗപ്പള്ളി സൂപ്പർ മാവേലിയിലെ ഗൃഹോപകരണങ്ങളുടെ വ്യാപാര കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ വ്യത്യസ്ത ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; വിശദീകരിക്കുമോ? | (ബി) | സപ്ലൈകോയുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോട് കൂടി പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ ഗൃഹോപകരണങ്ങൾ ലഭ്യമാക്കുന്നതിന് കരുനാഗപ്പള്ളി ഹൈപ്പർ മാർക്കറ്റിൽ വിവിധ കമ്പനികളുടെ ഉത്പന്നങ്ങൾ വിപണനം ചെയ്തു വരുന്നു. സൂപ്പർ മാർക്കറ്റിൽ സ്ഥല സൗകര്യം ലഭ്യമായതിനാൽ കൂടുതൽ കമ്പനികളുടെ ഉത്പന്നങ്ങൾ വിൽപ്പന നടത്തുവാൻ സാധിക്കുന്നതാണ്. ഗൃഹോപകരണ രംഗത്തുള്ള കൂടുതൽ പ്രമുഖ കമ്പനികളുടെ ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ